തനുസരിച്ച് എന്നാണ് അന്വേഷണം ആരംഭിച്ചത്; അന്വേഷണം പൂർത്തിയാക്കിയോ;

(ബി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടാൽ സാധാരണ എത്ര മാസംകൊണ്ട് അന്വേഷണം പൂർത്തിയാക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(സി) പഞ്ചായത്തിലെ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കുന്നതിന് എത്ര തവണ കാലാവധി നീട്ടിക്കൊടുത്തു; ഇതിന്റെ കാരണം വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) അന്വേഷണം പൂർത്തിയായിട്ടില്ലെങ്കിൽ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം പഞ്ചായത്തിലെ വിവിധ ക്രമക്കേടുകളെപ്പറ്റി 28.1.99-ൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. അന്വേഷണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ വിജിലൻസ് ഡയറക്ടറിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) മൂന്ന്മാസം കൊണ്ട്.

(സി)-(ഡി) വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

140 (721) ജനകീയാസൂത്രണ പദ്ധതി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ത്രിതല പഞ്ചായത്തുകൾ മുഖേന നടത്തിയ ജനകീയാസൂത്രണ പദ്ധതിയിൽ അഴിമതി നടന്നതായുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ ഏതെല്ലാം പഞ്ചായത്തുകളിലെ എന്തെല്ലാം കാര്യങ്ങളെപ്പറ്റിയാണ് വകുപ്പുതല അന്വേഷണം നടത്തിയതെന്നും അതിൽ വകുപ്പിന്റെ ശുപാർശ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പഞ്ചായത്തുകളിലെ ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷിക്കുന്നത്;

(സി) വിജിലൻസിന്റെ ശുപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻ പ്രകാരം എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലെ അഴിമതിയെ സംബന്ധിച്ച രണ്ട് പരാതികൾ ലഭിക്കുകയും അതിലെ ഒരു പരാതിയിൻമേൽ അന്വേഷണം നടത്തുകയും ചെയ്തു. രണ്ടാമത്തെ പരാതിയിൻമേൽ വിശദമായ അന്വേഷണം നടക്കുന്നു. ജില്ലാ, ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ബ്ലോക്കു പഞ്ചായത്തുകളെ സംബന്ധിച്ച വിജിലൻസ് അന്വേഷണം ഒന്നും നടക്കുന്നതായി അറിവില്ല. ജില്ലാ പഞ്ചായത്തിലെയും ഗ്രാമ പഞ്ചായത്തിലെയും വിവരം ശേഖരിച്ചുവരുന്നു.

(സി) ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly